# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1520.

31-01-2018 ൽ മറുപടിയ്ക്ക്

## കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ.കെ. ദാസൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| കൊയിലാണ്ടി - പേരാമ്പ്ര മണ്ഡലങ്ങളിലായി വ്യാപിച്ചു കിടക്കുന്ന വെളിയന്നൂർ ചല്ലിയിൽ കൃഷി വികസിപ്പിക്കുന്നതിന് ഇത് വരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ? | | അരിക്കുളം കൃഷി ഭവൻ പരിധിയിൽ ഏകദേശം 400 ഏക്കറിലായി പരന്നു കിടക്കുന്ന വെളിയന്നൂർ ചല്ലിയിൽ 290 ഏക്കറോളം ഭൂമിയിൽ (തരിശ്) പുഞ്ചകൃഷിക്കായുള്ള ഒരുക്കങ്ങൾ നടന്നു വരുന്നു. നിലമൊരുക്കൽ ഏകദേശം പൂർത്തിയായി. വരമ്പ് പിടിക്കുന്നതിലേയ്ക്കായി 20-01-2017 മുതൽ തൊഴിലുറപ്പ് പദ്ധതിയിലുള്ള അംഗങ്ങളെ വിന്യസിപ്പിച്ചു. ആയതിനായി ഉമ നെൽവിത്തിനം കൃഷി ഭവൻ മുഖാന്തിരം ഇറക്കികൊടുക്കുകയും ഞാറ്റടി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തരിശു നിലത്തിൽ കൃഷി ചെയ്യുന്നതിനുള്ള സബ്സിഡി 30,000/- രൂപ ക്രമത്തിൽ ഹെക്ടർ ഒന്നിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകദേശം 2 കി.മീറ്ററോളം നീളമുള്ള തോണിച്ചാൽ തോടിന്റെ പണി പാടശേഖരങ്ങളുടെ നേതൃത്വത്തിൽ നടന്നു വരുന്നു.<br><br>കീഴരിയൂർ പഞ്ചായത്ത് പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ 20 ഏക്കർ സ്ഥലം ഈ വർഷം നെൽകൃഷി ചെയ്യാൻ വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചു നിലം ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. വിത്ത്, കുമ്മായം വിതരണം നടത്തി ഞാറ്റടി തയ്യാറാക്കി ഫെബ്രുവരി തുടക്കത്തിൽ ഞാറു നടൽ നടത്താൻ വേണ്ട ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.<br><br>കൊയിലാണ്ടി കൃഷി ഭവൻ പരിധിയിൽ 2017-18 വർഷത്തിൽ ഹരിത മിഷൻ പദ്ധതിയുടെ മിഷനായ സുജലം സുഫലം പദ്ധതിയുടെ ഭാഗമായി 100 ഏക്കർ നെൽകൃഷി ചെയ്യുന്നതിന് |

| | | |
|---|---|---|
| | | 'വെള്ളക്കെട്ട്' നിയന്ത്രിക്കുന്നതിനായി ബണ്ട് നവീകരിച്ച് അതുവഴി നീരൊഴുക്ക് ക്രമീകരിക്കുകയും ചെയ്തു. അധികം വെള്ളം നിയന്ത്രിക്കുന്നതിനായി തൃശ്ശൂരിൽ നിന്നും പമ്പ് സെറ്റ് വാടകയ്ക്കെടുത്തു. 100 ഏക്കർ നിലം ഒരുക്കുന്നതിന് 10 ട്രാക്ടർ, കള നീക്കുന്നതിനുള്ള ട്രക്ടർ, എന്നിവ തൃശ്ശൂർ RARS, കെയ്ക്കോ കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നും ഏർപ്പെടുത്തി.<br><br>ഏകദേശം 80 ഏക്കർ നിലം ഒരുക്കി കഴിഞ്ഞു. 100 ഏക്കർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ആവശ്യമായ 3000 കിലോ നെൽവിത്ത് നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും വാങ്ങി വിതരണം ചെയ്തു. ഞാർ തയ്യാറാക്കുന്നതിലേക്ക് നിലം ഒരുക്കുന്നതിനായി 6000 കിലോ ഗ്രാം കുമ്മായം ജനകീയാസൂത്രണ പദ്ധതി പ്രകാരം വിതരണം ചെയ്തു. മുനിസിപ്പാലിറ്റി ജനകീയാസൂത്രണ പദ്ധതി ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ കുമ്മായം നൽകുന്നതിന് അനുവദിച്ചു. സബ്സിഡി ഇനത്തിൽ വളം നൽകുന്നതിനായി ജനകീയാസൂത്രണ പ്രോജക്റ്റ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പക്ഷി ആക്രമണം തടയുന്നതിനായി ആത്മ പ്രദർശനത്തോട്ടം പദ്ധതിയിൽ ഉൾപ്പെടുത്തി 12,000/- രൂപയുടെ മെറ്റാലിക് റിബ്ബൺ കാർഷിക സർവ്വകലാശാലയിൽ ഓർഡർ നൽകിയിട്ടുണ്ട്. മുഴിക്കു മീത്തൽ ഭാഗത്ത് ഞാറ് പറിച്ച് നടീൽ ആരംഭിച്ചു.<br><br>2017-18-ലെ ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ വെളിയന്നൂർ ചല്ലി അടിസ്ഥാന സൗകര്യ വികസനത്തിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**